## പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :1231 11.02.2016 ൽ മറുപടിയ്ക്ക്

### ഭൂരഹിതരില്ലാത്ത കേരളം പദ്ധതി

ചോദ്യം

ശ്രീ.കോടിയേരി ബാലകൃഷ്ണൻ

മറുപടി

ശ്രീ.അടൂർ പ്രകാശ്
(റവന്യൂവും കയറും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) | ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയിൽ ഇതുവരെ ലഭിച്ച അപേക്ഷകൾ എത്ര; ഇതിൽ എത്ര പേരെ ഗുണഭോക്താക്കളായി തെരഞ്ഞെടുത്തു; | ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയിൽ 2,91,757 അപേക്ഷകൾ ലഭിക്കുകയും അതിൽനിന്ന് 2,43,928 കുടുംബങ്ങളെ പദ്ധതിയുടെ ഗുണഭോക്താക്കളായി തെരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്. 01.02.2014 മുതൽ 31.03.2014 വരെ പദ്ധതിയിലേക്ക് വീണ്ടും അപേക്ഷകൾ ക്ഷണിച്ചിരുന്നു. കൂടാതെ മുഖ്യമന്ത്രിയുടെ പൊതുജന സമ്പർക്ക പരിപാടികളിലും റവന്യൂ വകുപ്പ് മന്ത്രിയുടെ ജില്ലാതല റവന്യൂ സർവ്വെ അദാലത്തുകളിലും അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. |
| (ബി) | എത്ര പേർക്ക് ഇതിനകം ഭൂമി നൽകിയെന്ന് വ്യക്തമാക്കാമോ; പട്ടയം ലഭിച്ചിട്ടും ഭൂമി കണ്ടെത്താനാവാത്ത സ്ഥിതി ഉണ്ടായിട്ടുണ്ടോ; | 43,437 പേർക്ക് പദ്ധതി പ്രകാരം പട്ടയം നൽകിയിട്ടുണ്ട്. പട്ടയത്തിലുൾപ്പെട്ട ഭൂമികൾ സംബന്ധിച്ച് കോടതി ഇടപെടലുകളോ തർക്കങ്ങളോ ഉണ്ടാകാത്ത കേസുകളിൽ ഭൂമി കൈമാറിക്കഴിഞ്ഞു. തർക്കങ്ങൾക്കും കോടതി കേസുകൾക്കും പരിഹാര നടപടികൾ സ്വീകരിച്ച് ഭൂമി കൈമാറുന്ന പ്രവർത്തനം ജില്ലകളിൽ നടന്നുവരികയാണ്. |
| (സി) | അനുവദിച്ച ഭൂമി ഏറ്റെടുത്തവരെത്ര; ഇതുവരെ ഏറ്റെടുക്കാത്തവരെത്ര; ഇതിനുള്ള കാരണം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | തർക്കങ്ങൾ ഇല്ലാത്തതും കോടതി കേസുകൾ ഇല്ലാത്തതുമായ ഭൂമി കൈമാറിക്കഴിഞ്ഞിട്ടുണ്ട്. അനുവദിച്ച ഭൂമി വാസയോഗ്യമല്ലായെന്ന് കണ്ടെത്തുകയാണെങ്കിൽ പ്ലോട്ടുകൾ മാറി കൊടുക്കുന്നതിന് ജില്ലാ കളക്ടർമാർക്ക് അനുമതി കൊടുത്തിട്ടുണ്ട്. |

| | | |
|---|---|---|
| (ഡി) | പദ്ധതിയുടെ ഉദ്ഘാടന വേളയിൽ പട്ടയം ലഭിച്ചവരിൽ ഭൂമി ലഭിക്കാത്തവരുണ്ടോ; എത്ര പേർ; കാരണം വിശദമാക്കാമോ; | ഉദ്ഘാടന വേളയിൽ പട്ടയം നൽകിയവരിൽ കോടതി കേസുകളിൽപ്പെട്ടതും തർക്കങ്ങൾ നിലനിൽക്കുന്നതുമായ കേസുകൾ ഒഴിച്ച് മുഴുവൻ പേർക്കും ഭൂമി നൽകിയിട്ടുണ്ട്. |
| (ഇ) | ഭൂരഹിതർക്ക് ഭൂമി അനുവദിച്ചതിൽ അപാകതകൾ സംഭവിച്ചതായി ആക്ഷേപമുണ്ടോ; അനുവദിച്ച സർവ്വെ നമ്പരുകളിലുള്ള ഭൂമി മറ്റു പല ആവശ്യങ്ങൾക്കും നിലവിൽ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന ഭൂമിയാണെന്ന പരാതികൾ ലഭിച്ചിട്ടുണ്ടോ; | പദ്ധതി പ്രകാരം അനുവദിച്ച ഭൂമി വാസയോഗ്യമല്ലായെന്ന പരാതി ശ്രദ്ധയിൽപ്പെട്ടാൽ അന്വേഷണം നടത്തി അർഹമായ കേസുകളിൽ മാറ്റി നൽകുന്ന നടപടികൾ സ്വീകരിക്കുന്നതിന് ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പദ്ധതി പ്രകാരം അനുവദിച്ച സർവ്വെ നമ്പരുകളിലുള്ള ഭൂമി മറ്റ് പല ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (എഫ്) | അപേക്ഷ നൽകിയവരിൽ അവരുടെ താലൂക്ക് പരിധിയിലും, ജില്ലാ പരിധിയിലും ഭൂമി ലഭിക്കാത്തവർ എത്ര പേരുണ്ട്; വിശദമാക്കാമോ; ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രവർത്തനം തുടരുന്നുണ്ടോ; പദ്ധതിയുടെ കാലാവധി നിശ്ചയിച്ചിരുന്നത് എന്നായിരുന്നു; ഇത് നീട്ടി നിശ്ചയിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ? | ഗുണഭോക്താക്കൾക്ക് സ്വന്തം വില്ലേജിലെ ഭൂമിയാണ് പദ്ധതി പ്രകാരം അനുവദിക്കുന്നത്. എന്നാൽ സ്വന്തം വില്ലേജിൽ ഭൂമി ഇല്ലാതെ വരുന്ന കേസുകളിൽ അതേ ജില്ലയിൽ തന്നെ സമീപ വില്ലേജിലെ ഭൂമി പദ്ധതി പ്രകാരം നൽകാൻ തീരുമാനിച്ചിട്ടുണ്ട്. എല്ലാ ജില്ലകളിലും ഗുണഭോക്താക്കൾക്ക് അതത് ജില്ലകളിൽ തന്നെയാണ് ഭൂമി നൽകിയത്. ഘട്ടം ഘട്ടമായി പദ്ധതി പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരുന്നത്. കാസർഗോഡ്, കണ്ണൂർ, ഇടുക്കി ജില്ലകളിൽ അർഹരായി കണ്ടെത്തിയ മുഴുവൻ പേർക്കും പട്ടയം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ